# ഖുർആൻ പഠനത്തിന്റെ മാസം

ലേഖനം ● ജമാൽ കടന്നപ്പള്ളി

**തൗഹീദും** ഇസ്‌ലാമുമെല്ലാം നാം പഠിച്ചത് വിശുദ്ധ ഖുർആനിൽനിന്നാണ്. അതിനാൽ ദിവ്യവചനങ്ങളുടെ സമാഹാരവുമായി നമുക്ക് അഭേദ്യമായ ബന്ധമുണ്ടായിരിക്കണം. ആദ്യമായി നമുക്കുണ്ടാവേണ്ട ഗുണം വിശുദ്ധ ഖുർആനിലുള്ള ദൃഢവിശ്വാസമാണ്. ഖുർആൻ പറഞ്ഞു: "ഇത് അല്ലാഹുവിന്റെ വേദമാകുന്നു. ഇതിൽ സന്ദേഹമില്ലതന്നെ" (*അൽബഖറ* 2). പ്രപഞ്ചത്തെയും മനുഷ്യരുൾപ്പെടെയുള്ള സർവ ജീവജാലങ്ങളെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം സ്വാഭാവികമായും മനുഷ്യന് ജീവിതത്തെക്കുറിച്ച മാർഗനിർദേശം നൽകേണ്ടതുണ്ട്. അവ്വിധം നൽകപ്പെട്ട ഒട്ടനവധി വേദഗ്രന്ഥങ്ങളിൽ ഒടുവിലത്തേതത്രെ വിശുദ്ധ ഖുർആൻ. നമുക്കറിയാവുന്നതുപോലെ പോയകാല ദിവ്യവചനങ്ങളത്രയും പൗരോഹിത്യത്തിന്റെ കത്രിപ്പിനും മനുഷ്യ കൈയേറ്റങ്ങൾക്കും വിധേയമായി. അതുകൊണ്ടുതന്നെ അന്തിമ വേദഗ്രന്ഥമെന്ന നിലയിൽ വിശുദ്ധ ഖുർആന്റെ സംരക്ഷണം ദൈവം സ്വയം ഏറ്റെടുത്തു: "ഈ ഉദ്ബോധനമോ, അത് നാം അവതരിപ്പിച്ചതാകുന്നു. നാം തന്നെ അതിന്റെ സൂക്ഷിപ്പുകാരനുമാകുന്നു" (*അൽഹിജ്ർ* 9).

വിശുദ്ധ ഖുർആനിലുള്ള വിശ്വാസം ഖുർആൻ ദിവ്യവചനമാണെന്ന അംഗീകാരം മാത്രമല്ല. പ്രത്യുത ഇരുലോകത്തും ഉൽകൃഷ്ടമായ വിജയം നേടിത്തരാൻ വിശുദ്ധ ഖുർആനനുസരിച്ച് ജീവിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂവെന്ന ബോധവും തജ്ജന്യമായ ജീവിത ക്രമീകരണവുമാണ്. "അവർ പറയും: നമുക്ക് ഈ മാർഗം കാണിച്ചുതന്നവനായ ദൈവത്തിനു മാത്രമാകുന്നു സ്തോത്രം. ദൈവം നമുക്ക് മാർഗദർശനം നൽകിയിരുന്നില്ലെങ്കിൽ നാം സ്വയം സന്മാർഗം പ്രാപിക്കാൻ കെൽപുള്ളവരായിരുന്നില്ല" (*അൽഅഅ്റാഫ്* 43).

അല്ലാഹു മഹാകാരുണ്യവാനാണ്. അതിന്റെ ശീതളഛായയിലാണ് വിശ്വാസികൾ ജീവിക്കുന്നതും പാരത്രികലോകത്ത് വിജയപ്രതീക്ഷ പുലർത്തുന്നതും. എന്നാൽ ദൈവം താൻ സൃഷ്ടികൾക്കു നൽകിയ ഏറ്റവും വലിയ അനുഗ്രഹവും കാരുണ്യവുമായി എടുത്തു പറഞ്ഞത് വിശുദ്ധ ഖുർആനെയാണ്. "അളവറ്റ ദയാപരൻ ഈ ഖുർആൻ പഠിപ്പിച്ചുതന്നു" (*അർറഹ്മാൻ* 1,2). "ഇത് നിങ്ങളുടെ റബ്ബിങ്കൽനിന്നുള്ള ഉൾക്കാഴ്ചയുടെ കിരണങ്ങളാകുന്നു. അത് സ്വീകരിക്കുന്ന ജനത്തിനുള്ള സന്മാർഗവും അനുഗ്രഹവുമാകുന്നു" (*അൽഅ്റാഫ്* 203).

●

**വിശുദ്ധ ഖുർആനോടൊത്തുള്ള ജീവിതം യഥാർഥത്തിൽ ദൈവത്തോടൊപ്പമുള്ള ജീവിതമാണ്. ഖുർആന്റെ പുറങ്ങൾ നാം പാരായണം ചെയ്യുമ്പോൾ അറിയുക, ദൈവമാണ് നമ്മോട് സംസാരിക്കുന്നത്. എന്നാൽ പ്രസക്തമായ ചോദ്യം, ഈ അർഥത്തിൽ തന്നെയാണോ ഖുർആനെ നാം സമീപിക്കുന്നത് എന്നതാണ്.**

●

വിശുദ്ധ ഖുർആനോടൊത്തുള്ള ജീവിതം യഥാർഥത്തിൽ ദൈവത്തോടൊപ്പമുള്ള ജീവിതമാണ്. ഖുർആന്റെ പുറങ്ങൾ നാം പാരായണം ചെയ്യുമ്പോൾ അറിയുക, ദൈവമാണ് നമ്മോട് സംസാരിക്കുന്നത്. എന്നാൽ പ്രസക്തമായ ചോദ്യം, ഈ അർഥത്തിൽ തന്നെയാണോ ഖുർആനെ നാം സമീപിക്കുന്നത് എന്നതാണ്. വിദൂരനാട്ടിൽനിന്ന് ഒരു സുഹൃത്ത് അയച്ച കത്ത് കൈപറ്റാനും അത് വായിക്കാനും നാം ഉത്സുകരാവാറുണ്ട്. എന്നാൽ ഖേദകരമെന്നു പറയട്ടെ നമ്മുടെ സാക്ഷാൽ സ്രഷ്ടാവും നിയന്താവുമായ ദൈവം അയച്ച കത്ത് യഥാവിധി കൈപറ്റാനും അതിലുള്ള വിവരങ്ങൾ ഗ്രഹിക്കാനും നാം ശ്രമിക്കുന്നില്ല! ഇനി അതിനെ ആദരപൂർവം സമീപിക്കുന്നവരിൽതന്നെ 'കെട്ടിപ്പൊതിഞ്ഞ് അട്ടത്ത് വെക്കുന്ന' സമീപനമാണ് കണ്ടുവരുന്നത്. ഗ്രന്ഥം വായിക്കുന്നവരിൽ മഹാഭൂരിപക്ഷവും 'ആദരവിനു'വേണ്ടി മാത്രം ഖുർആൻ വായിക്കുന്നവരാണ്. ഈ ആദരവാകട്ടെ ഫലത്തിൽ സൃഷ്ടിക്കുന്നത് നിന്ദയാണെന്ന് പറയാതെ വയ്യ. 'വായന' എന്നു പറഞ്ഞാൽ തന്നെ അതിലുണ്ടല്ലോ ഒരു മനസ്സിലാക്കൽ. അഥവാ നാം പത്രം വായിച്ചുവെന്നു പറഞ്ഞാൽ അതിനർഥം പത്രവായനവഴി നമുക്ക് ലോകവിവരങ്ങൾ അറിയാൻ സാധിച്ചുവെന്നാണ്. വായനയെന്ന പ്രക്രിയയോടു കാട്ടുന്ന ഈ പ്രാഥമിക മര്യാദയെങ്കിലും നാം വിശുദ്ധ ഖുർആനോടു കാണിക്കുന്നില്ലെങ്കിൽ പിന്നെ അതിനെ എന്തു പേരിലാണ് വിളിക്കേണ്ടത്?

ഖുർആൻ ഒരു വിപ്ലവ ഗ്രന്ഥം കൂടിയാണ്. പതിതരായ ജനസമൂഹങ്ങളെ അത് മാറ്റിപ്പണിതു. അവരെ ലോകം ഭരിക്കുന്ന നേതാക്കളായി ഉയർത്തി. അടിസ്ഥാന വർഗത്തിന് അവകാശങ്ങൾ നൽകി, സ്ത്രീകൾക്ക് മാന്യമായ പദവി നൽകി. ശാസ്ത്രീയ മേഖലയിൽ മുന്നേറാൻ ആഹ്വാനം ചെയ്തു. ഭൂമിയിൽ ജീവിതം കെട്ടിപ്പടുക്കാൻ പഠിപ്പിച്ചു. അന്തിമ വിജയത്തിന്റെ സുവാർത്ത അറിയിച്ചു. അതുപോലെ ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃ

തിയും തമ്മിലുമുള്ള ബന്ധങ്ങൾ പഠിപ്പിച്ചു. ഖുർആൻ സമർപ്പിക്കുന്ന ഉന്നത മൂല്യങ്ങളുടെ മഴവില്ലഴക് നമുക്ക് അനുഭവവേദ്യമാവണമെങ്കിൽ, നാം അതുമായി അടുക്കാൻ ശ്രമിക്കണം. തന്നോടടുക്കുന്നവർക്കേ ദിവ്യഗ്രന്ഥം തന്നിലെ മധുരം പകുത്തുനൽകുകയുള്ളൂ. മനുഷ്യസമുദായത്തിനാകമാനം അവകാശപ്പെട്ടതും അവർക്കെല്ലാം അനുഗ്രഹമായി അവതരിച്ചതുമായ ഖുർആനോട് തീർച്ചയായും അതിന്റെ സന്ദേശവാഹകരെന്ന നിലയിൽ നമുക്ക് ധാരാളം കടപ്പാടുകളുണ്ട്. "ഇക്കൂട്ടർ ഖുർആനെ കുറിച്ച് ചിന്തിക്കുന്നില്ലേ? അതോ, അവരുടെ മനസ്സുകൾക്ക് പൂട്ടുകൾ ഇട്ടിട്ടുണ്ടോ?" (*മുഹമ്മദ്* 24).

'മനസ്സുകൾക്ക് പൂട്ടുകൾ ഇട്ടിട്ടുണ്ടോ?' എന്ന ചോദ്യം ശ്രദ്ധേയമാണ്. ഖുർആൻ വായിച്ച് ഗ്രഹിക്കണമെന്നും അതേക്കുറിച്ച് ചിന്തിക്കണമെന്നുമർഥം. മാത്രമല്ല മനുഷ്യ മനസ്സും ഖുർആനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. അഥവാ ഖുർആൻ ലോകത്തേക്ക് വന്നത് ഇന്ന് നാം കാണുന്നതുപോലെ രണ്ടു പുറം ചട്ടകൾക്കിടയിൽ ഒരു ഗ്രന്ഥമായിട്ടല്ല. പ്രത്യുത അന്ത്യപ്രവാചക(സ)ന്റെ വിശുദ്ധ ഹൃദയം വഴിയത്രെ. "നിശ്ചയം ഇത് ലോകരക്ഷിതാവ് അവതരിപ്പിച്ചതാണ്. വിശ്വസ്തനായ മലക്ക് അത് നിന്റെ മനസ്സിൽ അവതരിപ്പിച്ചു. ലോകർക്ക് നീ മുന്നറിയിപ്പു നൽകാൻ വേണ്ടി,സുവ്യക്തമായ അറബിഭാഷയിൽ" (*അശ്ശുഅ്റാഅ്* 192-195). പ്രവാചക ഹൃദയത്തിൽനിന്ന് സച്ചരിതരായ സഖാക്കൾ പകർത്തി. ആ കൈമാറ്റം ഇന്നും തലമുറകളിലേക്ക് വ്യാപിക്കുന്നു. എന്നു കരുതി ഖുർആൻ ഒരിക്കലും മനസ്സിൽ ഒതുക്കേണ്ടതല്ല . തുടക്കത്തിൽ പറഞ്ഞതുപോലെ ദൈവിക ഗ്രന്ഥത്തിൽ വിശ്വസിച്ചുവെന്ന് പ്രഖ്യാപിച്ചാൽ മാത്രം പോര. അത് പ്രയോഗവത്കരിക്കുകയും

**ഖുർആൻ സമർപ്പിക്കുന്ന ഉന്നത മൂല്യങ്ങളുടെ മഴവില്ലഴക് നമുക്ക് അനുഭവവേദ്യമാവണമെങ്കിൽ, നാം അതുമായി അടുക്കാൻ ശ്രമിക്കണം. തന്നോടടുക്കുന്നവർക്കേ ദിവ്യഗ്രന്ഥം തന്നിലെ മധുരം പകുത്തുനൽകുകയുള്ളൂ. മനുഷ്യസമുദായത്തിനാകമാനം അവകാശപ്പെട്ടതും അവർക്കെല്ലാം അനുഗ്രഹമായി അവതരിച്ചതുമായ ഖുർആനോട് തീർച്ചയായും അതിന്റെ സന്ദേശവാഹകരെന്ന നിലയിൽ നമുക്ക് ധാരാളം കടപ്പാടുകളുണ്ട്.**

ഇതര മനുഷ്യർക്ക് എത്തിക്കുകയും ചെയ്യേണ്ടതുണ്ട്. അപ്രകാരം ഖുർആൻ അനുസരിക്കാൻ തയാറില്ലാത്തവരെ കാഫിർ, ഫാസിഖ്, ദാലിം (നിഷേധി, ദുഷ്കർമി, അതിക്രമി) എന്നിങ്ങനെ കടുത്ത പദങ്ങൾ കൊണ്ടത്രെ ഖുർആൻ അധിക്ഷേപിച്ചത്.

## ദിനേ പാരായണം ചെയ്യാൻ ചില സൂക്തങ്ങൾ

വിശുദ്ധ ഖുർആൻ എങ്ങനെ വായിക്കണമെന്ന് ഖുർആൻ തന്നെ പഠിപ്പിച്ചിട്ടുണ്ട്. പ്രസ്തുത രീതിശാസ്ത്രമാണ് 'തിലാവത്തുൽ ഖുർആൻ' (*അൽബഖറ* 121). മൂന്നു ഘടകങ്ങൾ ചേർന്നതാണ് തിലാവത്തെന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. 1. ഭയഭക്തിയോടും നിഷ്കളങ്കതയോടും സത്യസന്ധതയോടും കൂടി പാരായണം ചെയ്യുക. 2. അർഥ സഹിതം (ഇറങ്ങിയ പശ്ചാത്തലമടക്കം) നന്നായി ഗ്രഹിക്കുക. 3. ഖുർആൻ പറഞ്ഞ കാര്യങ്ങൾ സ്വന്തത്തിലും സമൂഹത്തിലും സ്ഥാപിക്കാൻ പണിയെടുക്കുക.

ഇനി നബി(സ) നിർദേശിച്ച പ്രഭാത-പ്രദോഷ വേളകളിലെ ചില പ്രത്യേക സൂക്തങ്ങളെപ്പറ്റി: "അൽ ഇഖ്‌ലാസ്, അൽഫലഖ്, അന്നാസ് എന്നിവ പ്രഭാതങ്ങളിലും പ്രദോഷങ്ങളിലും പാരായണം ചെയ്യുക. എല്ലാ ഉദ്ദേശ്യങ്ങൾക്കും ഇത് നിങ്ങൾക്ക് മതിയാവും" (തിർമിദി). "ആയത്തുൽ കുർസിയ്യ്, ഹാ മീം തൻസീലുൽ കിതാബ് (*ഗാഫിർ* 2-4) എന്നിവ പ്രഭാതങ്ങളിൽ പാരായണം ചെയ്യുന്നവർ സായാഹ്നം വരെ അതിനാൽ സംരക്ഷിക്കപ്പെടും. സായാഹ്നത്തിൽ ആരെങ്കിലും പാരായണം ചെയ്താൽ പ്രഭാതം വരെ സംരക്ഷിക്കപ്പെടും" (തിർമിദി). "അൽ ഹശ്ർ സൂറയുടെ അവസാനത്തെ മൂന്നു സൂക്തങ്ങൾ പ്രഭാതത്തിൽ ആരെങ്കിലും പാരായണം ചെയ്താൽ 7000 മലക്കുകൾ സായാഹ്നം വരെ അവനു വേണ്ടി പാപമോചനം തേടും. വൈകുന്നേരം ഓതിയാൽ പ്രഭാതം വരെ അവരങ്ങനെ ചെയ്യും" (തിർമിദി). കൂട്ടത്തിൽ നബി(സ) സവിശേഷമായി പറഞ്ഞ സൂക്തങ്ങളിൽ ചിലത്: "നിങ്ങൾക്ക് മുമ്പുള്ള ഒരു ദൂതന്നും നൽകപ്പെട്ടിട്ടില്ലാത്ത രണ്ട് പ്രകാശങ്ങൾ നിങ്ങൾക്ക് ലഭ്യമായതിൽ ആഹ്ലാദിക്കുക. അൽഫാതിഹയും സൂറ അൽബഖറയിലെ അവസാന സൂക്തങ്ങളുമാണവ" (മുസ്‌ലിം). "നിങ്ങളിലൊരുവന് ദിവസം ആയിരം സൂക്തങ്ങൾ ഓതാൻ കഴിയില്ലേ? നബി ചോദിച്ചു. പിന്നീട് പറഞ്ഞു: നിങ്ങളിലൊരുവന് അത്തകാസുർ സൂറ ഓതിക്കൂടേ?" (ബൈഹഖി). "സൂറ ഇഖ്‌ലാസ് ഖുർആന്റെ മൂന്നിലൊന്നിനു തുല്യമാണ്" (ബുഖാരി, മുസ്‌ലിം). "സൂറ *അൽകാഫിറൂൻ* ഖുർആന്റെ നാലിലൊന്നിന് സമാനമാണ്" (തിർമിദി). "സൂറ *അസ്സൽസല* ഖുർആന്റെ അർധ ഭാഗത്തിനു തുല്യമാണ്" (തിർമിദി). ■